**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1433** **01-02-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2024-25 അധ്യയന വർഷത്തിൽ സ്കൂൾ പാഠ്യപദ്ധതി കാലോചിതമായി പരിഷ്കരിക്കുവാൻ വിദ്യാഭ്യാസ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഏതൊക്കെ ക്ലാസ്സിലെ ഏതൊക്കെ വിഷയങ്ങളാണ് പരിഷ്കരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്; | (ബി) | പാഠപുസ്തക പരിഷ്കരണം രണ്ടു ഘട്ടങ്ങളായി പൂർത്തിയാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ പ്രീപ്രൈമറി, 1, 3, 5, 7, 9 ക്ലാസുകളിലെ എല്ലാ പാഠപുസ്തകങ്ങളും രണ്ടാംഘട്ടത്തിൽ 2, 4, 6, 8, 10 ക്ലാസുകളിലെ എല്ലാ പാഠപുസ്തകങ്ങളും ആണ് പരിഷ്കരിക്കുന്നത്. ഒന്നാം ഘട്ടത്തിൽ തയാറാക്കുന്ന പാഠപുസ്തകങ്ങൾ 2024-25 അധ്യയന വർഷം മുതൽ നിലവിൽ വരുന്നതാണ്. രണ്ടാംഘട്ടത്തിൽ തയ്യാറാക്കുന്ന പാഠപുസ്തകങ്ങൾ 2025-26 അധ്യയന വർഷം മുതൽ കുട്ടികൾക്ക് ലഭ്യമാക്കുന്നതാണ്. |
| (സി) | ഇതിനായി നാളിതുവരെ വിദ്യാഭ്യാസ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ; | (സി) | പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1 കേരളം തനതായി പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനാണ് തീരുമാനിച്ചത്. ജനകീയമായ ചർച്ചകളും പഠനങ്ങളും നടത്തി കേരളത്തിന്റെ തനിമ നിലനിൽക്കുന്ന പാഠ്യപദ്ധതി രൂപീകരിക്കുന്നതിനാണ് ശ്രമങ്ങൾ നടത്തിയിട്ടുള്ളത്.<br>2 ആദ്യഘട്ടം എന്ന നിലയ്ക്ക് സ്കൂൾ വിദ്യാഭ്യാസത്തിലെ വിവിധ മേഖലകളെ സംബന്ധിച്ചുള്ള നിലപാട് രേഖകൾ (പൊസിഷൻ പേപ്പറുകൾ) തയാറാക്കുന്ന പ്രവർത്തനങ്ങളാണ് നടത്തിയത്.<br>3. പൊസിഷൻ പേപ്പറുകൾ തയാറാക്കുന്നതിന് മുമ്പുതന്നെ കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും അഭിപ്രായങ്ങളും നിർദേശങ്ങളും സ്വരൂപിക്കുന്നതിനായി “കേരള പാഠ്യപദ്ധതി ചട്ടക്കൂടുകൾ സമൂഹ ചർച്ചയ്ക്കായുള്ള കുറിപ്പുകൾ: എന്ന |

ഒരു കൈപ്പുസ്തകം എസ്.സി.ഇ.ആർ.ടി. തയാറാക്കി പ്രസിദ്ധീകരിച്ചു.
4. പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട ജനങ്ങളുടെ അഭിപ്രായ സ്വരൂപീകരണത്തിനായി സ്കൂൾ, പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ തലത്തിലും ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും ജനകീയ അഭിപ്രായ ശേഖരണത്തിനു വേണ്ടി വിപുലമായ ചർച്ചകൾ നടത്തി.
5. പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനത്തിൽ മുതിർന്നവരുടെ അഭിപ്രായങ്ങൾ തേടിയതിനൊപ്പംതന്നെ കുട്ടികളുടെ അഭിപ്രായങ്ങളും വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ശേഖരിച്ചിട്ടുണ്ട്.
6. കൂടാതെ പൊതുജനങ്ങൾക്ക് അഭിപ്രായം രേഖപ്പെടുത്തുന്നതിന് ഒരു ടെക് പ്ലാറ്റ്ഫോമും ഒരുക്കി.
7. ജനകീയ ചർച്ചകളിലൂടെ ഉയർന്നുവന്ന നിർദ്ദേശങ്ങൾ സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച് അതത് വിഷയ മേഖലകളുമായി ബന്ധപ്പെട്ട ഫോക്കസ് ഗ്രൂപ്പുകൾ പരിഗണിക്കുകയും അവയുടെ കൂടി അടിസ്ഥാനത്തിൽ നിലപാട് രേഖ തയ്യാറാക്കുകയും ചെയ്തു.
8. ഇങ്ങനെ തയ്യാറാക്കിയ നിലപാട് രേഖയിലെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പാഠ്യപദ്ധതി ചട്ടക്കൂടുകളുടെ കരട് രൂപീകരിച്ചു.
9. പ്രീ സ്കൂൾ വിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം, അധ്യാപക വിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസം എന്നീ മേഖലകളിലായി നാല് പാഠ്യപദ്ധതി ചട്ടക്കൂടുകളാണ് തയാറാക്കിയത്. പാഠ്യപദ്ധതി ചട്ടക്കൂടുകളും വ്യത്യസ്ത തലത്തിലുള്ള ചർച്ചകൾക്ക് വിധേയമാക്കിക്കൊണ്ടാണ് അന്തിമമായി പാഠ്യപദ്ധതി രൂപീകരിച്ചിട്ടുള്ളത്.
10. ഇത്തരത്തിൽ തയ്യാറാക്കിയ നാല് പാഠ്യപദ്ധതി ചട്ടക്കൂടുകളുടെ അടിസ്ഥാനത്തിൽ പ്രീപ്രൈമറി മുതൽ ഹയർസെക്കൻഡറി ക്ലാസുകൾ വരെ വിവിധ വിഷയങ്ങളുടെ സിലബസ് തയ്യാറാക്കി.
11. പാഠ്യപദ്ധതി ചട്ടക്കൂടുകളുടെ അടിസ്ഥാന സമീപനത്തിന് അനുസൃതമായ തീരുമാനങ്ങൾ പരിഗണിച്ചാണ് സിലബസ് തയ്യാറാക്കിയിട്ടുള്ളത്.
12. ആദ്യഘട്ടത്തിൽ 1, 3, 5, 7, 9 ക്ലാസുകളിലായി 270 (ഭാഗം 1, 2) ടൈറ്റിൽ പാഠപുസ്തകങ്ങളാണ് തയ്യാറാക്കിയിട്ടുള്ളത്.
13. ഓരോ ടൈറ്റിലിനും അഡ്വൈസർ, ചെയർപേഴ്സൺ, രണ്ട് വിദഗ്ധർ, എട്ട് പാഠപുസ്തക രചയിതാക്കൾ എന്നിവർ ഉൾപ്പെട്ട പാഠപുസ്തക രചനാസമിതി രൂപീകരിക്കുകയുണ്ടായി. ഈ സമിതിയുടെ നേതൃത്വത്തിലാണ് പാഠപുസ്തകരചനാ പ്രവർത്തനങ്ങൾ നടന്നത്.

| | | | |
|---|---|---|---|
| | | | 14. തുടർന്ന് ഓരോ വിഷയത്തിന്റെയും വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് എക്സ്പേർട്ട് കമ്മിറ്റി രൂപീകരിക്കുകയും തയ്യാറാക്കിയ പാഠപുസ്തകങ്ങൾ എക്സ്പേർട്ട് കമ്മറ്റി സൂക്ഷ്മമായി പരിശോധിക്കുകയും ഉണ്ടായി.<br>15. ഈ വിദഗ്ധസമിതിയുടെ അഭിപ്രായങ്ങളും നിരീക്ഷണങ്ങളും പരിഗണിച്ച് തയ്യാറാക്കിയ പാഠപുസ്തകങ്ങളിൽ ആവശ്യമായ മെച്ചപ്പെടുത്തലുകൾ വരുത്തുകയുണ്ടായി.<br>16. തുടർന്ന് സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിങ് കമ്മിറ്റി അംഗങ്ങൾ ഉൾപ്പെടുന്ന കരിക്കുലം സബ് കമ്മിറ്റി ഓരോ വിഷയത്തിനും പ്രത്യേകമായി രൂപീകരിച്ചു. തയ്യാറാക്കിയ പാഠപുസ്തകങ്ങൾ കരിക്കുലം സബ് കമ്മിറ്റിയുടെ വിദഗ്ധ പരിശോധനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുകയുണ്ടായി.<br>17. കരിക്കുലം സബ് കമ്മിറ്റിയുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചുകൊണ്ട് ഫൈനലൈസേഷൻ ശില്പശാലയിലൂടെ ആവശ്യമായ മെച്ചപ്പെടുത്തലുകൾ വരുത്തി.<br>18. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള പാഠപുസ്തകങ്ങൾ സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിങ് കമ്മിറ്റി അംഗീകരിച്ചു. ഈ പാഠപുസ്തകങ്ങൾ പ്രിന്റിങിനായി കെബി.പി.എസിന് കൈമാറുകയും സമയബന്ധിതമായി കുട്ടികൾക്ക് ലഭ്യമാക്കുന്നതിനും ആണ് തീരുമാനിച്ചിട്ടുള്ളത്. |
| (ഡി) | പരിഷ്കരിക്കുന്ന പാഠ്യപദ്ധതി ചട്ടക്കൂടിന്റെ കരട് എന്നത്തേയ്ക്ക് തയ്യാറാക്കി നൽകാനാണ് പാഠ്യപദ്ധതി പരിഷ്കരണ കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഒന്നാം ഘട്ടത്തിൽ തയ്യാറാക്കേണ്ട പാഠപുസ്തകങ്ങളുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. 2024-25 അധ്യയന വർഷം മുതൽ ഈ പാഠപുസ്തകങ്ങൾ നിലവിൽ വരുന്നതാണ്. |

സെക്ഷൻ ഓഫീസർ